പഴശ്ശിരാജയ്ക്ക് സ്മാരകം

109 (1672) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീര പഴശ്ശിരാജയ്ക്ക് എന്തെങ്കിലും സ്മാരകം നിർമ്മിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എവിടെ എന്ന് അറിയിക്കുമോ ;

(സി) അദ്ദേഹം അന്ത്യ വിശ്രമം കൊള്ളുന്ന മാനന്തവാടിയിൽ അദ്ദേഹത്തിന്റെ സ്മാരകം നിർമ്മിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലാത്ത പക്ഷം അദ്ദേഹത്തിന് സമുചിതമായ സ്മാരകം നിർമ്മിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) മാനന്തവാടി പഴശ്ശികുടീരം പ്രോജക്ടിൽ വീരപഴശ്ശിരാജ അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലം സ്മാരകമായി സംരക്ഷിച്ചിട്ടുണ്ട്.

(ഡി) ബാധകമല്ല.

തൃപ്പൂണിത്തുറ ഹിൽപാലസിന്റെ വികസനം

110 (1673) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറ ഹിൽ പാലസിന്റെ വികസനത്തിനായി മുൻ സർക്കാരിന്റെ കാലത്ത് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് ;

(ബി) വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഹിൽ പാലസിൽ എന്നാണ് ഹെറിറ്റേജ് മ്യൂസിയം ആരംഭിച്ചത് ;

(ഡി) ഹെറിറ്റേജ് മ്യൂസിയത്തിന്റെ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ&ബി) ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം ഹിൽ പാലസ് പരിസരത്തിന്റെ വികസനത്തിനായി ഒരു സൊസൈറ്റി രൂപീകരിച്ചു. പ്രസ്തുത സൊസൈറ്റിയുടെ നിയന്ത്രണത്തിൽ ഹിൽപാലസ് പരിസരത്ത് കാടുകയറിക്കിടന്ന ജലധാരാ യന്ത്രങ്ങൾ വൃത്തിയായി പ്രവർത്തിപ്പിക്കുകയും ഒരു മാൻ പാർക്ക് ആരംഭിക്കുകയും ചെയ്തു. കൊച്ചി രാജവംശത്തിൽ നിന്നും ഏറ്റെടുത്ത കിരീടവും ആഭരണങ്ങളും സൂക്ഷിക്കുന്നതിനായി ഒരു സ്ട്രോഗ് റൂം നിർമ്മിക്കുവാനും കളഞ്ഞം പാലസിൽ സൂക്ഷിച്ചിരുന്ന കിരീടവും മറ്റും ഹിൽ പാലസിലെ സ്ട്രോംഗ് റൂമിലേക്ക് മാറ്റുന്നതിനും വേണ്ട നടപടി സ്വീകരിച്ചു. കൊട്ടാരത്തോടനുബന്ധിച്ച് നാശോന്മുഖമായി കിടന്ന നാലുകെട്ട് ശാസ്ത്രീയമായി സംരക്ഷിച്ച് അതിൽ കേരളത്തിലെ ആദ്യത്തെ ഹെറിട്ടേജ് മ്യൂസിയം സജ്ജീകരിച്ച് പൊതു ജനങ്ങൾക്കായി തുറന്നു കൊടുത്തു. കൊട്ടാര സമുച്ചയത്തിലെ മറ്റ് കെട്ടിടങ്ങളുടെ റെസ്റ്റോറേഷൻ പണികൾ നടത്തുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly